GOVERNMENT OF KERALA

DEPARTMENT OF EDUCATION

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2024-2025

<u>എ എച്ച് എം ജി എച്ച് എസ് എസ് കോക്കൂർ</u> (അബ്ദുൽ ഹയ്യ് ഹാജി മെമ്മോറിയൽ ഗവ:ഹയർ സെക്കന്ററി സ്കൂൾ)

GHSS KOKKUR



## സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല : മലപ്പുറം

സ്കൂൾ കോഡ് 19063

സ്കൂളിന്റെ പേര് ,വിലാസം :അബ്ദുൽ ഹയ്യ് ഹാജി മെമ്മോറിയൽ ഗവ:ഹയർ സെക്കന്ററി (എ എച്ച് എം ജി എച്ച് എസ് എസ്) സ്കൂൾ കോക്കൂർ പോസ്റ്റ് -,679591

ഇ മെയിൽ അഡ്രസ്സ് :hmkokkur@gmail.com

ജില്ലാ പഞ്ചായത്ത് :മലപ്പുറം

റവന്യൂ ജില്ല : മലപ്പുറം

വിദ്യാഭ്യാസ ജില്ല :തിരൂർ

വിദ്യാഭ്യാസ ഉപ ജില്ല :എടപ്പാൾ

ഗ്രാമ പഞ്ചായത്ത് :ആലംകോട്

ക്ലാസ്സുകൾ :പ്രീ പ്രൈമറി മുതൽ പ്ലസ് ടു വരെ

മാനേജ്മെന്റ് :കേരള സർക്കാർ

പ്രിൻസിപ്പാൾ :ഷാജഹാൻ

ഹെഡ് മാസ്റ്റർ : റീജ കെ

പി ടി എ പ്രസിഡന്റ് :മുജീബ് കോക്കൂർ

എസ് എം സി ചെയർമാൻ :ശശീധരൻ

പഠന മാധ്യമം :ഇംഗ്ലീഷ് & മലയാളം

AHM GHSS KOKKUR

ഹൈസ്കൂൾ വിഭാഗം അധ്യാപകർ

ശ്രീപ്രിയ-ഇംഗ്ലീഷ് റീന-ഇംഗ്ലീഷ്

മൈമൂന -ഹിന്ദി ഹർഷ-ഹിന്ദി

ഷൈനി ഇ പി-നാച്ചുറൽ സയൻസ് ലിസി എം ചാക്കോ-നാച്ചുറൽ സയൻസ്

രേഖ വി ആർ-കെമിസ്ട്രി

രമണി കെ ആർ-മലയാളം സുനിത എ-മലയാളം

അറബിക് - ജാസ്മിൻ പാറയിൽ

ലത എം കെ-സോഷ്യൽ സയൻസ്

അനീഷ് സി ടി-സോഷ്യൽ സയൻസ്

വിനോദ് എം വി-ഫിസിക്കൽ സയൻസ്

ജെസ്സി ടി എൽ-മാത്സ് ബിന്ദു പി ൽ-മാത്സ്

ധന്യ പി വി-മാത്സ്

വിപിൻ കെ എം-ഫിസിക്കൽ എഡ്യുകേഷൻ

ലക്ഷ്മി പി വി -ഡ്രോയിങ്

AHM GHSS KOKKUR

## യു പി വിഭാഗം അധ്യാപകർ

| | |
|---|---|
| അഞ്ജു കെ എസ് | സജിഷ കെ എം |
| പ്രമിത കെ ജി | ജിജി കെ |
| നവ്യ എ എൻ | ദുർഗാബായ് കെ പി |
| വൈഷ്ണ എം | അന്ന എം എ |
| അഷിത | സ്വപ്ന |
| ആശ പി വി | |
| അജ്ജലി | |

## എൽ പി വിഭാഗം അധ്യാപകർ

| | |
|---|---|
| ബീന ബി | കൗലത്ത് പി |
| അബ്ദുൾ ഹക്കിം കെ എം | മിനിമോൾ ഇ കെ |
| ആബിദ കെ വി | ധന്യ വി ജെ |
| വിൻസ് | |

## പ്രി പ്രൈമറി

| | |
|---|---|
| ശൈലജ | അധ്യാപിക |
| വസന്ത | ആയ |

| | |
|---|---|
| സ്കൂൾ കൗൺസിലർ | ഗ്രീഷ്മ |
| സ്പെഷ്യൽ എഡ്യൂക്കേറ്റർ | സീന വി ജോസഫ് |

## ഓഫീസ് ജീവനക്കാർ

| | |
|---|---|
| രമണി എം | രാജിത് കുമാർ ആർ |
| ജെംസി | ബീന |
| ബബിത | |

AHM GHSS KOKKUR

## പാചക തൊഴിലാളികൾ

ഫാത്തിമ

ലതിക

## ബസ് ജീവനക്കാർ

താഹ

രാധിക

ബാദുഷ

## പി ടി എ അംഗങ്ങൾ

ഇ വി മുഹമ്മദ്

ഷഹന നാസർ

മൈമുന ഫാറൂഖ്

നൗഷിത എ എ

ഹർഷ

മിനി ഷാജി

ശരീഫ് ആണ്ടനാത്ത്

മുനീർ

ഷമീർ പി കെ

ഹസീബ്

## എസ് എം സി അംഗങ്ങൾ

ഷെഹീർ കെ വി

നജീർ അഹമ്മദ്

ഇസ്ഹാഖ് ഒതളൂർ

ഹംസത്ത് വളയംകുളം

മുസ്തഫ പാവിട്ടപ്പുറം

ശറഫുദ്ധീൻ എൻ എച്ച്

റിയാസ് കെ എം

ഷബീർ മാങ്കുളം

ഇഖ്ബാൽ കെ വി

സമീറ റാഫി

അഷ്റഫ്

കാർത്തിക രാജേഷ്

ഷാജി എസ് കെ

ഹസ്സൻ മാസ്റ്റർ

ഷെരീഫ് കെ കെ

AHM GHSS KOKKUR

## ആമുഖം

സ്കൂളിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രീ പ്രൈമറി മുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേണ്ടി 2024-25 അക്കാദമിക് വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത രൂപമാണിത്.കുട്ടികളുടെ വ്യക്തിത്വ വികസനത്തിനേയും വൈജ്ഞാനിക,കലാ,കായിക,ശാസ്ത്ര പരിജ്ഞാന വർദ്ധവിനെയും ലക്ഷ്യം വെച്ച തയ്യാറാക്കിയ ഈ ആസൂത്രണ റിപ്പോർട്ട് തുടർ ചർച്ചകൾക്ക് വേണ്ടി സമർപ്പിക്കുന്നു

## കോക്കൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ചരിത്രം

കടവല്ലൂർ മുതൽ ചങ്ങരംകുളം വരെ നീണ്ടു കിടക്കുന്ന കോക്കൂർ എന്ന ഗ്രാമത്തിന്റെ ചരിത്രവുമായി ഇഴ ചേർന്ന് കിടക്കുകയാണ്,കോക്കൂർ അബ്ദുൽ ഹയ്യ് ഹാജി മെമ്മോറിയൽ ഗവ:ഹയർസെക്കന്ററി സ്കൂളിന്റെ ചരിത്രം.മലബാർ ഡിസ്ട്രിക്ട് ബോർഡ് മെമ്പറായിരുന്ന മാനംകണ്ടത്ത് മൊയ്തുണ്ണി ഹാജി 1930 ൽ മാപ്പിള എലിമെന്ററി സ്കൂളായി ആരംഭിച്ച ഈ വിദ്യാലയം,1957 ൽ യു പി സ്കൂളായും,1967-68 ൽ ഹൈസ്കൂളായും,1998-99 ൽ ഹയർ സെക്കന്ററിയായും ഉയർത്തപ്പെട്ടു.

കേവലം പ്രൈമറി വിദ്യാഭ്യാസം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്ന ഒരു ഗ്രാമത്തെ പുരോഗമനത്തിലേക്കു ഉയർത്തുവാനാണ് സാമൂഹ്യ സേവകനും വിദ്യാ സമ്പന്നനുമായ മൊയ്തുണ്ണി ഹാജി സ്വന്തം സ്ഥലത്ത് ഒരു വിദ്യാലയം തുടങ്ങിയത്.നാലുമുറി ഓല മുറിയിൽ തുടങ്ങിയ സ്കൂളിലെ പ്രഥമ അധ്യാപകർ പി എം സെയ്ദു മാസ്റ്ററും ഭാര്യ ബിയ്യുട്ടി ടീച്ചറുമാണ്.അബ്ദുൽ ഹയ്യ് ഹാജിയാണ് ഈ സ്കൂളിൽ ഒന്നാമതായി പ്രവേശനം നേടിയ വിദ്യാർത്ഥി.(ഇദ്ദേഹത്തിന്റെ നാമധേയത്തിലാണ് ഈ സ്കൂൾ അറിയപ്പെടുന്നത്).1967 ൽ കോക്കൂരിൽ സംഘടിപ്പിക്കപ്പെട്ട ഒരു വലിയ സ്വീകരണ യോഗത്തിൽ വെച്ച് അന്നത്തെ വിദ്യാഭ്യാസ മന്ത്രി സി എച്ച് മുഹമ്മദ് കോയയാണ് ഈ സ്കൂളിനെ ഒരു ഹൈ സ്കൂളായി പ്രഖ്യാപിച്ചത്.അക്കാലത്ത് ഹൈ സ്കൂളിന് ആവശ്യമായ സ്ഥലം വിട്ടു നൽകിയത് മാനംകണ്ടത്ത് കുടുംബമാണ്.

AHMGHSS KOKKUR

സമീപ സ്ഥലങ്ങളിൽ നിന്നും 25 കുട്ടികളെ നിർബന്ധിപ്പിച്ചു കൊണ്ടു വന്നു ചേർത്തും നാട്ടുകാരുടെ വക കുറച്ചു ഫർണിച്ചറുകൾ സംഘടിപ്പിച്ചുമാണ് ഹൈസ്കൂൾ(എട്ടാം ക്ലാസ് )ആരംഭിച്ചത്.ക്ലാസ് മുറികളുടെ അഭാവം കാരണം 1976 മുതൽ ഏറെ കാലം ഷിഫ്റ്റ് സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചത്.ഒരു ഹെഡ് മാസ്റ്റർ,ഒരു സഹാധ്യാപകൻ എന്നീ രണ്ടു തസ്തികകൾ മാത്രമാണ് അന്ന് അനുവദിക്കപ്പെട്ടത്.വി വി അബ്ദുൽ ഖാദർ മാസ്റ്ററാണ് ആദ്യ ഹെഡ്മാസ്റ്റർ.വി പി അബൂബക്കർ മാസ്റ്റർ സഹാധ്യാപകനും കൂടാതെ ഹിന്ദിക്ക് വി വി ദാമോദരൻ മാസ്റ്ററും മലയാളം പഠിപ്പിക്കാൻ ശ്രീമതി കുഞ്ഞിലക്ഷിയമ്മയും വന്നു.1976 ൽ കെ സി വറുതുണ്ണി മാസ്റ്റർ ഹെഡ് മാസ്റ്ററായ കാലത്ത് നാട്ടുകാരിൽ നിന്നും സംഭാവന പിരിച്ച് ഒരു ലോക്കർ വാങ്ങി നൽകിയതിനെ തുടർന്നാണ് SSLC ക്കു ഇവിടെ സെന്റർ അനുവദിക്കപ്പെട്ടത്.വളർച്ചയുടേയും തളർച്ചയുടേയും പല ഘട്ടങ്ങളിലൂടെ സ്കൂളിന് സഞ്ചരിക്കേണ്ടി വന്നിട്ടുണ്ട്.

ഈ സ്കൂളിൽ 1991 -92 ലാണ് പ്രീ പ്രൈമറി തുടങ്ങുന്നത്.1969 ൽ യു പി ക്ക് വേണ്ടി പണിത 12 മുറി ഓട് കെട്ടിടമാണ് ആദ്യത്തെ സർക്കാർ വക കെട്ടിടം (ഇപ്പോഴത്തെ പൈതൃക കെട്ടിടം )1970 ൽ മന്ത്രി സി എച്ച് മുഹമ്മദ് കോയ തറക്കല്ലിട്ട് 1972 ൽ സ്പീക്കർ കെ മൊയ്‌ദീൻ കുട്ടി ഹാജി തുറന്നു കൊടുത്ത വാർപ്പ് കെട്ടിടം ആണ് രണ്ടാമത്തേത് (പ്രസ്തുത കെട്ടിടം പൊളിച്ചാണ് ഈ കൊല്ലം കിഫ്ബി മൂന്നു നിലകെട്ടിടമൊരുക്കുന്നത്.)തുടർന്ന് 1990 ൽ ഗ്രാമ പഞ്ചായത് പ്രസിഡന്റ് അശ്റഫ് കോക്കൂർ മുൻകൈയെടുത്തും,ബ്രദേഴ്‌സ് ക്ലബ്ബുമായി സഹകരിച്ചും ഗാനമേള നടത്തിയാണ് ഇപ്പോഴത്തെ പി ടി എ ഹാൾ പണിതത്.1990 ൽ മൂന്നു മുറികളുള്ള കോസ്റ്റ്ഫോർഡ് കെട്ടിടവും,1996-97 ൽ മൂന്നു മുറികളുള്ള ഡി പി ഇ പി കെട്ടിടവും,2002 ൽ ജി എം ബനാത്ത്‌വാല(എം പി)അനുവദിച്ച LP കെട്ടിടവും,2004 ൽ SSA യുടെ 2 മുറികളുള്ള കെട്ടിടവും (കിഫ്ബി കെട്ടിടത്തിന് വേണ്ടി ഈ വർഷം അത് പൊളിച്ചു)1994 ൽ വിദ്യാഭ്യാസ മന്ത്രി ഇ ടി മുഹമ്മദ് ബഷീർ മുൻകയ്യെടുത്ത് ലഭിച്ച സിൽവർ ജൂബിലി കെട്ടിടവും,ജില്ലാ പഞ്ചായത്ത് അനുവദിച്ച അടുക്കളയുമാണ് 10 കൊല്ലം മുൻപ് വരെ ഉണ്ടായിരുന്ന കെട്ടിടങ്ങൾ

തുടർന്ന്,2014-15 മുതലുള്ള പി ടി എ യുടെ ശക്തമായ ഇടപെടലുകൾ വലിയ മാറ്റത്തിനും പുരോഗതിക്കും

AHM GHSS KOKKUR

കാരണമായി.ഇതേതുടർന്ന്അധ്യാപകർ,രക്ഷിതാക്കൾ,ജന പ്രതിനിധികൾ,രാഷ്ട്രീയ പ്രമുഖർ,പൂർവ്വ വിദ്യാർത്ഥികൾ,നാട്ടുകാർ എന്നിവരുടെ കൂട്ടായ്മയും ഇടപെടലും ശക്തിപ്പെട്കലാ കായിക വൈജ്ഞാനിക രാഷ്ട്രീയ മേഖലകിൽ ഒട്ടനവധി പ്രമുഖ വ്യക്തിത്വങ്ങളെ സമൂഹത്തിനു സംഭാവന ചെയ്തു ഈ വിദ്യാലയം ഇന്ന് ജനപ്രതിനിധികൾ,അധ്യാപകർ ,പി ടി എ ,എസ് എം സി ,പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകൾ,രക്ഷിതാക്കൾ,നാട്ടുകാർ എന്നിവരുടെയെല്ലാം സഹകരണത്തിന്റെ ഫലമായി എടപ്പാൾ ഉപജില്ലയിലെ മികവുറ്റ ഒരു വൈജ്ഞാനിക കേന്ദ്രമായി നില കൊള്ളുന്നു.

<u>കോക്കൂർ ഹയർസെക്കണ്ടറി സ്കൂൾ ഇന്ന്</u>

ഇന്ന് 800 ഓളം (KG-43,LP-155,UP-296,HS410) കുട്ടികൾ പ്രീ പ്രൈമറി മുതൽ 10 വരെ ക്ലാസ്സുകളിലായും 900 കുട്ടികൾ ഹയർ സെക്കന്ററി ക്ലാസുകളിലായും പഠിക്കുന്ന ഈ സ്ഥാപനത്തിൽ പ്രിൻസിപ്പൽ,പ്രധാനധ്യാപകൻ,29 ഹയർ സെക്കന്ററി അധ്യാപകർ(13 ഗസ്റ്റ് അധ്യാപകർ) ഹൈ സ്കൂൾ വിഭാഗത്തിൽ 16 അധ്യാപകർ യുപി വിഭാഗത്തിൽ 13 അധ്യാപകർ എൽ പി വിഭാഗത്തിൽ 8 അധ്യാപകർ പ്രീ പ്രൈമറിഅധ്യാപിക,ആയ,കൗൺസിലർ എന്നിവരും സേവനം അനുഷ്ഠിക്കുന്നു.അധ്യാപകർക്ക് പുറമെ 5 അനധ്യാപകരും 2 പാചക തൊഴിലാളികളും ഒരു ബസ്സ് ഡ്രൈവറും,ആയ യും (ബസ്) സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നു.

പൊതു ഗതാഗത സൗകര്യം ഇല്ലാത്ത സാഹചര്യം നില നിൽക്കുന്നതിനാൽ വിവിധ പ്രദേശങ്ങളിൽ നിന്നും കുട്ടികളെ സ്കൂളിലേക്ക് എത്തിക്കുവാൻ സ്വന്തമായി സ്കൂൾവാഹന സൗകര്യം ഉള്ളത് ഈ സ്ഥാപനത്തിന് ഒരു മുതൽക്കൂട്ടാണ്.ഗുണമേന്മയേറിയ ഉച്ചഭക്ഷണം സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കൊടുക്കുവാൻ കഴിയുന്നു എന്നതും എടുത്തു പറയേണ്ട കാര്യമാണ്.പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകളും രക്ഷിതാക്കളും ഈ ഉദ്യമത്തിന് പൂർണ്ണ പിന്തുണ നൽകി പോരുന്നുണ്ട് .

കുട്ടികളിൽ ശാസ്ത്ര ബോധം വർധിപ്പിക്കാൻ തരത്തിലുള്ള ടിങ്കറിങ് ലാബ് ഈ വിദ്യാലയത്തിന്റെ ഒരു പ്രത്യേകതയാണ്.കൂടാതെ എസ് പി

AHM GHSS KOKKUR

സി,കബ്ബ്-ബുൾ ബുൾ,ലിറ്റിൽ കൈറ്റ്സ് എന്നീ യൂണിറ്റുകളും ഈ വിദ്യാലയത്തെ മികവിന്റെ പടികൾ ചവിട്ടി കയറുവാൻ സഹായിക്കുന്നു.

<u>അക്കാദമികം നേട്ടങ്ങൾ</u>

- 2015-16 മുതൽ തുടർച്ചയായ വർഷങ്ങളിൽ ഉപജില്ലയിൽ SSLC ക്കു ഏറ്റവും ഉയർന്ന വിജയശതമാനം നമ്മുടെ സ്കൂൾ കരസ്ഥമാക്കി.

**2015-16: 95%**
**2016-17: 96%**
**2017-18: 97.7%**
**2018-19: 98.73%**
**2019-20: 97.24%**
**2020-21: 100%**
**2021-22: 100%**
**2022-23: 100%**
**2023-24: 100%**

- SSLC പരീക്ഷയിൽ 99.37 ശതമാനം വിജയം
- ഫുൾ A പ്ലസ് 14 കുട്ടികൾക്ക്
- ഒമ്പത് A പ്ലസ് 2 കുട്ടികൾക്ക്
- എട്ട് A പ്ലസ് 3 കുട്ടികൾക്ക്
- LP വിഭാഗത്തിലെ 4 കുട്ടികൾക്ക് LSS സ്കോളർഷിപ്പ്
- UP വിഭാഗത്തിലെ 1 ം കുട്ടിക്ക് USS സ്കോളർഷിപ്പ്
- എടപ്പാൾ സബ്ജില്ല ശാസ്ത്രമേളക്ക് മികവുറ്റ രീതിയിൽ ആതിഥേയത്വം വഹിച്ചു
- ഹൈസ്കൂൾ വിഭാഗം പ്രവൃത്തി പരിചയ മേളയിൽ സ്റ്റഫഡ് ടോയ്സ് ഫസ്റ്റ് വിത്ത് A ഗ്രേഡ്
- ഹൈസ്കൂൾ വിഭാഗം സാമൂഹ്യ ശാസ്ത്ര മേളയിൽ സ്റ്റിൽ മോഡൽ ഫസ്റ്റ് വിത്ത് A ഗ്രേഡ്
- സബ്ജില്ലാ ശാസ്ത്രമേള HS വിഭാഗം സയൻസ് പ്രൊജക്റ്റ് ഫസ്റ്റ് വിത്ത് A ഗ്രേഡ് & ജില്ലാ മത്സരത്തിൽ A ഗ്രേഡ്

AHM GHSS KOKKUR

- അഗർബത്തി നിർമ്മാണം സെക്കന്റ് വിത്ത് A ഗ്രേഡ്
- ബീഡ്സ് വർക്ക് സെക്കന്റ് വിത്ത് A ഗ്രേഡ്
- കിഡ്സ് ഫ്രോക് സെക്കന്റ് വിത്ത് A ഗ്രേഡ്
- സബ്ജില്ലാ ശാസ്ത്രമേള സയൻസ് ക്വിസ് UP വിഭാഗം സെക്കന്റ് വിത്ത് A ഗ്രേഡ്
- സബ്ജില്ലാ ശാസ്ത്രമേള സാമൂഹ്യ ശാസ്ത്രം വർക്കിംഗ് മോഡൽ UP വിഭാഗം സെക്കന്റ് വിത്ത് A ഗ്രേഡ്
- ഹൈസ്കൂൾ വിഭാഗം സാമൂഹ്യ ശാസ്ത്ര മേളയിൽ പ്രാദേശിക ചരിത്ര രചന തേർഡ് വിത്ത് A ഗ്രേഡ്
- കലോത്സവം അറബിക് ഗാനം എൽ പി ഫസ്റ്റ് വിത്ത് A ഗ്രേഡ്
- ജില്ലാ പഞ്ചായത്ത് പ്രീ പ്രൈമറി കുട്ടികൾക്ക് വേണ്ടി നടത്തിയ ലഹരി വിരുദ്ധ സന്ദേശ കളറിങ് മത്സരം നമ്മുടെ സ്കൂളിലെ കുട്ടി വിജയി ആയി
- LP വിഭാഗം സബ്ജില്ലാ കടംകഥ മത്സരം ഫസ്റ്റ് വിത്ത് A ഗ്രേഡ്
- സബ്ജില്ലാ UP വിഭാഗം അക്ഷരമുറ്റം ക്വിസ് ഫസ്റ്റ്
- സബ്ജില്ലാ വിദ്യാരംഗം കലാ സാഹിത്യ വേദി HS രണ്ടാം സ്ഥാനം
- ഹൈ സ്കൂൾ വിഭാഗം അറബിക് ടാലന്റ് പരീക്ഷയിൽ എടപ്പാൾ സബ്ജില്ലയിൽ ഒന്നാം സ്ഥാനം
- അറബിക് കലാമേളയിലും അറബിക് ടാലെന്റ് പരീക്ഷയിലും മികച്ച പ്രകടനം
- സംസ്ഥാന തല SPC പരേഡിൽ പങ്കാളിത്തം
- ജില്ലാ തല റോബോട്ടിക് മേളയിൽ പങ്കാളിത്തം
- LED ബൾബ് നിർമ്മാണ ക്യാമ്പ് സംഘടിപ്പിച്ചു
- LP വിഭാഗം കുട്ടികൾക്കു വേണ്ടി തീവണ്ടി യാത്ര സംഘടിപ്പിച്ചു

<u>അക്കാദമിക പരിമിതികൾ</u>

- ✗ കായിക വിദ്യാഭ്യാസത്തിനുതകുന്ന തരത്തിലുള്ള സ്റ്റേഡിയത്തോടു കൂടിയ മൈതാനം
- ✗ ചില വിഷയങ്ങളിൽ സ്ഥിരം അധ്യാപകരുടെ കുറവ്
- ✗ LP ,UP തലത്തിൽ ഹൈ ടെക് ക്ലാസ് മുറികളുടെ കുറവ്

AHM GHSS KOKKUR

- ✗ വിജയ സ്പർശം, ശ്രദ്ധ തുടങ്ങിയ അധിക ക്ലാസുകളിലെ കുറഞ്ഞ ഹാജർ നില
- ✗ ഹയർ സെക്കന്ററിവിഭാഗത്തിൽ സയൻസ് ബാച്ചുകളുടെ കുറവ്

<u>ഭൗതികം നേട്ടങ്ങൾ</u>

എടുത്തു പറയേണ്ട പ്രധാന നിർമ്മിതികൾ/പദ്ധതികൾ

പുതിയ സ്കൂൾ കെട്ടിടം

- ■ ഹയർ സെക്കന്ററി കെട്ടിട നിർമ്മാണം(70 ലക്ഷം രൂപ - ശ്രീ പി ശ്രീരാമകൃഷ്ണൻ എം എൽ എ)
- ■ ഹയർ സെക്കന്ററി ബ്ലോക്ക് നിർമ്മാണം(2.62 കോടി സർക്കാർ പ്ലാൻ ഫണ്ട്)
- ■ 13 യൂണിറ്റ് ശുചിമുറികളുടെ നവീകരണം(ദുബായ് -കോക്കൂർ കൂട്ടായ്മ)
- ■ ലൈബ്രറി -റീഡിങ് റൂം (ഇ ടി മുഹമ്മദ് ബഷീർ എം പി യുടെ ഫണ്ട്)
- ■ ഹയർ സെക്കന്ററി മുൻ പ്രിൻസിപ്പൽ ശ്രീമതി വിനീതകുമാരി യുടെ ശ്രമഫലമായി 7.5 ലക്ഷം രൂപയുടെ കമ്പ്യൂട്ടർ ലാബ് നവീകരണവും ക്ലാസ് റൂം സൗണ്ട് സിസ്റ്റം ക്രമീകരണവും(SIDCO)
- ■ കുടിവെള്ള പദ്ധതി-2015 (ബദറുദ്ധീൻ പള്ളിക്കുന്ന് -പൂർവ്വ വിദ്യാർത്ഥി)
- ■ അസംബ്ലി ഹാൾ 2016 -6 ലക്ഷം രൂപ(SSLC ബാച്ച് 1990-91)
- ■ എം പി കെട്ടിടത്തിന് മുകളിലേക്കുള്ള കോണിപ്പടി-2 ലക്ഷം (വലിയ വളപ്പിൽ അബ്ദുൽ കരീം)
- ■ ഹയർ സെക്കന്ററി ഗേറ്റ്&കമാനം-2017 -2.50 ലക്ഷം(പ്ലസ് ടു 2001-03 ബാച്ച്)
- ■ 2014-15 മുതൽ രണ്ടു മിനി ബസ്സുകൾ
- ■ സ്കൂൾ വാഹന സൗകര്യം
- ■ ഹൈസ്കൂൾ കമാനം-2018 -4 ലക്ഷം (മാനംകണ്ടത്ത് മുഹമ്മദ് കുട്ടി ഹാജിയുടെ കുടുംബം)
- ■ സ്റ്റേജ് പുനർ നിർമ്മാണം-2015-16 (ആർ എസ് ശശികല-LPSA,എം ഇ കദീജ-UPSA,കെ വി ശ്യാമളകുമാരി-HSA,ടി എ ഫാത്തിമ-HSA,എ എ ശാന്ത-HSA വിരമിച്ച അധ്യാപകർ)

AHM GHSS KOKKUR

- പ്രിൻറർ -അനിത ശ്രീകൃഷ്ണൻ(UPST)
- അലമാര -അംബിക(HM)
- സ്റ്റേജ് ഫ്രണ്ട് കർട്ടൻ -ടി എം ഗീത(മ്യൂസിക്)
- എസ് എസ് എ യുടെ 6 ലക്ഷം രൂപ കൊണ്ട് എം പി കെട്ടിടം റൂഫ് ചെയ്തു സംരക്ഷിച്ചത് ഈ കാലയളവിലാണ് 2014-15
- സ്പീക്കർ പി ശ്രീരാമകൃഷ്ണൻ 3 ലക്ഷം രൂപ ചെലവിൽ ഷീ ടോയ്‌ലെറ്റും (2016-17),19 ലക്ഷം രൂപയ്ക്കു സ്കൂൾ ബസും(2017)
- LP കുട്ടികൾക്ക് വേണ്ടിയുള്ള ഊഞ്ഞാൽ (ശ്രീമതി കെ കെ രമ ടീച്ചർ -LP)
- ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ആരിഫ നാസർ മുഖേനെ നവീകരിച്ച ഹൈ സ്കൂൾ സ്റ്റാഫ് റൂം,ഓഫീസ് റൂം-16 ലക്ഷം
- ജില്ലാ പഞ്ചായത്ത് അംഗം അഡ്വ ശ്രീ എം ബി ഫൈസൽ മുഖേനെ ഹയർ സെക്കൻ്ററിനവീകരണം(5 ലക്ഷം-2015-16)
- എം പി കെട്ടിടത്തിന് മുകളിൽ മൂന്ന ക്ലാസ് മുറികൾ(5 ലക്ഷം-2016-17),ഹയർ സെക്കൻ്ററി ചുറ്റുമതിൽ(25 ലക്ഷം 2016 ),ഹയർ സെക്കൻ്ററി ശുചി മുറികൾക്കു 8 ലക്ഷം രൂപ,മതിലിനു 5 ലക്ഷം രൂപ ,ഗേൾസ് റസ്റ്റ് റൂമിനു 10 ലക്ഷം രൂപ
- സ്കൂളിൻ്റെ പഴയ ഓട് കെട്ടിടം പൈതൃകമായി നില നിർത്താൻ 5 ലക്ഷം രൂപ
- നവീകരിച്ച ഓഡിറ്റോറിയത്തിലേക്ക് 70000 രൂപ ചെലവിൽ കസേരകൾ ഏറവറാംകുന്നു സഹായി അസോസിയേറ്റ്സ് നൽകി
- ശുചിത്വ മിഷൻ്റെ സഹായത്തോടെ 16 യൂണിറ്റ് ടോയ്‌ലറ്റ്(2015-16)
- ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ശ്രീ എ പി ഉണ്ണികൃഷ്ണൻ്റെ പ്രത്യേക താല്പര്യ പ്രകാരം അനുവദിച്ച സ്കൂൾ റോഡ് ടാറിംഗ്(10 ലക്ഷം രൂപ)
- ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി ആരിഫ നാസർ മുഖേനെ ഹയർ സെക്കണ്ടറിക്ക് 20 ലക്ഷം രൂപക്കു 1 ക്ലാസ് മുറി,10 ലക്ഷം രൂപക്കു ശൗചാലയം
- ആലംകോട് ഗ്രാമപഞ്ചായത്ത് അനുവദിച്ച ശുചിമുറി
- PWD വിഭാഗം ഭിന്നശേഷി സൗഹൃദ ശൗചാലയം

AHMGHSS KOKKUR

- ബ്ലോക്ക് പഞ്ചായത്ത് മെമ്പർ റീസ പ്രകാശ് മുഖേനെ അനുവദിച്ച ഹൈസ്കൂൾ,യു പി ശുചിമുറികൾ,ബാഡ്മിന്റൺ കോർട്ട്
- SSK അനുവദിച്ച വർണ്ണ കൂടാരം-10 ലക്ഷം രൂപ
- MGM സംഘടന നൽകിയ ഹയർ സെക്കന്ററി കുടിവെള്ള പദ്ധതി
- TRACKS പണിതുനല്കിയ പുതിയ കിണർ

<u>ഭൗതികം പരിമിതികൾ</u>

- ✗ LP,UP വിഭാഗത്തിൽ ബാത്റൂമുകളുടെ എണ്ണം വർധിപ്പിക്കേണ്ടതുണ്ട്
- ✗ പല ക്ലാസുകളിലും ഇലക്ട്രിഫിക്കേഷൻ വർക് ചെയ്യേണ്ടതുണ്ട്
- ✗ LP HS വിഭാഗത്തിൽ വെള്ളകെട്ട് ഉണ്ടാകാറുണ്ട്
- ✗ പൊതു ഗതാഗതത്തിന്റെ അപര്യാപ്തത
- ✗ സ്ഥിരം കർട്ടണുകളുടെ കുറവ്
- ✗ പ്രധാന സ്റ്റേജിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്
- ✗ സ്കൂളിലെ എല്ലാ ക്ലാസ് റൂമുകളിലും ക്ലാസ് തല സ്പീക്കർ ഒരുക്കേണ്ടതുണ്ട്
- ✗ ഓഡിറ്റോ

<u>സാമൂഹികം നേട്ടങ്ങൾ</u>

- മികവുറ്റ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകൾ
- 1993 ൽ ആദ്യമായി പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ചു.2014 ൽ ദുബായിൽ വെച്ച് പ്രവാസി അലുംമിനിക്ക്(ട്രാക്സ്) രൂപം നൽകാൻ സാധിച്ചത് ശ്രദ്ധേയമായ കാൽവെപ്പായിരുന്നു.
- കേസിൽ നിലകൊണ്ടിരുന്ന മുക്കാൽ ഏക്കർ സ്ഥലം മാനംകണ്ടത്ത് മുഹമ്മദ് കുട്ടിഹാജിയുടെ കുടുംബം കേസ് ഒഴിവാക്കി സ്കൂളിന് നൽകാൻ സന്നദ്ധമായി
- സാമ്പത്തികമായി പിന്നോക്കമുള്ള കുട്ടികൾക്ക് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ വർഷാവർഷം പഠന സാമഗ്രികൾ വിതരണം ചെയ്യുന്നു
- സ്കൂൾ ഉച്ച ഭക്ഷണ നടത്തപ്പിന് പൂർവ്വ വിദ്യാർത്ഥികളും രക്ഷിതാക്കളും നാട്ടുകാരും സഹകരിക്കാറുണ്ട്
- കുടിവെള്ളം,അടിസ്ഥാനസൗകര്യ,വികസനം തുടങ്ങി ഒട്ടനവധി മേഖലകളിൽ പൂർവ്വ വിദ്യാർത്ഥികളും നാട്ടുകാരും സ്കൂളിനെ ചേർത്തു പിടിക്കാറുണ്ട്

AHM GHSS KOKKUR

## സാമൂഹികം പരിമിതികൾ

- ✗ സ്കൂൾ അച്ചടക്കവുമായി ബന്ധപ്പെട്ട് നാട്ടുകാരുടെയും രക്ഷിതാക്കളുടെയും ശ്രദ്ധ ഉറപ്പ് വരുത്തേണ്ടതുണ്ട്

## അക്കാദമിക മികവിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

- ➢ ഗൃഹ സന്ദർശനം(പഠന പിന്നോക്ക കുട്ടികളുടെ)
- ➢ കുട്ടിക്കൊരു സഹായം
- ➢ അമ്മ വായന
- ➢ മാസം തോറുമുള്ള ക്ലാസ് ടെസ്റ്റുകൾ
- ➢ മാസം തോറും CPTA
- ➢ വ്യക്തിഗത ശ്രദ്ധ (Individual Attention)
- ➢ കുട്ടികളുടെ ഉപഖ്യാന രേഖ(Anecdotal record)
- ➢ ഇംഗ്ളീഷ് ബുക്ക് എക്സിബിഷൻ
- ➢ ലളിതം ഇംഗ്ലീഷ് (Easy English)
- ➢ പത്ര വായന
- ➢ അധ്യാപകരും പി ടി എ ,എസ് എം സി ഭാരവാഹികളും ഉൾപ്പെടുന്ന ക്യാമ്പ്
- ➢ അക്കാദമിക പ്രവർത്തനങ്ങളുടെ കൃത്യമായ നിരീക്ഷണം
- ➢ ആരോഗ്യം,ഭക്ഷണം,ജല സാക്ഷരത,അഗ്നി ശമന സുരക്ഷാ മാർഗ്ഗങ്ങൾ,വാഹനഗതാഗത നിയമങ്ങൾ മുതലായവ സംബന്ധിച്ച അവബോധം
- ➢ അധ്യാപക വിദ്യാർത്ഥി സൗഹൃദാന്തരീക്ഷം
- ➢ അച്ചടക്കം
- ➢ മിനിമം ലെവൽ ഓഫ് ലേണിംഗ്
- ➢ ജനറൽ PTA & SMC
- ➢ കൗൺസിലിങ്
- ➢ ദിനാചരണങ്ങൾ
- ➢ കൃഷി പാഠം
- ➢ പച്ചക്കറി തോട്ടം

AHM GHSS KOKKUR

- ശാസ്ത്ര മേള പരിശീലനം
- കലാമേള പരിശീലനം
- കായിക മേള പരിശീലനം
- വിവിധ ക്ലബ് പ്രവർത്തനങ്ങൾ
- രക്ത ഗ്രൂപ്പ് നിർണ്ണയം
- ചിത്ര രചനാ ക്ളാസ്
- ഐ-ടി ,ടിങ്കറിങ് ലാബ് പരിശീലനം
- അധ്യാപക ശാക്തീകരണം സ്കൂൾ SRG തലം
- സ്വയം തൊഴിൽ പരിശീലന ക്യാമ്പുകൾ
- LED bulb നിർമ്മാണം
- ഇംഗ്ലീഷ് ഫെസ്റ്റ്
- വിവിധ സ്കോളർഷിപ്പ് പരീക്ഷ പരിശീലനങ്ങൾ (NMMS,USS,LSS)
- പഠന യാത്രകൾ
- വിജയഭേരി ,വിജയ സ്പർശം , ശ്രദ്ധ തുടങ്ങിയ ക്ലാസ്സുകൾ
- എസ് പി സി
- കബ്ബ് ബുൾബുൾ സ്കൗട്ട്
- ജെ ആർ സി
- ശില്പ ശാലകൾ
- മോട്ടിവേഷൻ ക്ലാസ്സുകൾ
- ലഹരി ബോധവത്കരണ ക്ളാസ്സുകൾ
- ഭക്ഷണ മേള
- ഓണാഘോഷം
- ക്രിസ്മസ് പുതുവത്സര പ്രവർത്തനങ്ങൾ
- ലൈബ്രറി ശാക്തീകരണം
- ലിറ്റിൽ കൈറ്റ്സ്
- സ്കൂൾ വാർഷികം
- ക്വിസ് മത്സരങ്ങൾ
- റീഡേഴ്സ് തിയേറ്റർ
- കാവ്യോത്സവം
- കാവ്യാവിഷ്കാരം
- സ്കൂൾ റേഡിയോ
- ഗ്രന്ഥ സൂചിക(ബിബ്ലിയോഗ്രഫി)

AHM GHSS KOKKUR

- ടീൻസ് ക്ലബ്
- പാട്ടരങ്ങ്
- സംയുക്ത ഡയറി
- വായനോത്സവം
- മലയാള മധുരം
- കഥയുത്സവം
- ഗണിത കേളി
- നാട്ടറിവ്
- ലഘുനാടക അവതരണം
- രചനാവൈഭവം
- എൽ പി കുട്ടികളുടെ ഏകദിന സഹവാസ ക്യാമ്പ്

AHM GHSS KOKKUR

| | | | | |
|---|---|---|---|---|

| അക്കാദമിക പ്രവർത്തനങ്ങൾ | | | | |
|---|---|---|---|---|
| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
| ജൂൺ 2 | പ്രവേശനോത്സവം<br>സ്റ്റാഫ് മീറ്റിംഗ് | എസ് ആർ ജി<br>പി ടി എ<br>&<br>എസ് എം സി | പുതിയ കുട്ടികളെ പൊതു വിദ്യാലയത്തിലേക്ക് സ്വീകരിക്കുന്നു. ട്രാൻസ്ഫർ ആയി പോകുന്ന HM, ഷൈന ടീച്ചർ എന്നിവർക്കുള്ള യാത്രയയപ്പ്. | 7500 |
| ജൂൺ<br>2 -13 | ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ | എസ് ആർ ജി | കുട്ടികളിൽ ലഹരി ഉപയോഗത്തിന് എതിരായ ബോധം വളർത്തുക, ട്രാഫിക് നിയമങ്ങൾ, ശുചിത്വം, ഹരിത ക്യാമ്പസ്, ആരോഗ്യം, വ്യായാമം, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം - ഇവ വളർത്തുക. | |
| ജൂൺ 3 | എസ് ആർ ജി മീറ്റിംഗ് | എസ് ആർ ജി | ജൂൺ മാസത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | |
| ജൂൺ 5 | പരിസ്ഥിതി ദിനം | പരിസ്ഥിതി ക്ലബ്ബ്<br>എസ് പി സി | പരിസ്ഥിതിയെ അറിയുക, പരിസ്ഥിതി സംരക്ഷണം എന്ന മനോഭാവം വളർത്തുക, പ്രകൃതി നടത്തം.<br>പോസ്റ്റർ നിർമ്മാണം.<br>വൃക്ഷത്തൈ നടൽ | 800 |
| ജൂൺ 9-10 | 2 മുതൽ 10 വരെ ക്ലാസ്സുകൾക്ക് പ്രീ ടെസ്റ്റ് | എസ് ആർ ജി | കുട്ടികളുടെ പഠന നിലവാരം വിലയിരുത്തുന്നതിന് | |
| ജൂൺ 13 | 1 മുതൽ 10 വരെ ക്ലാസ്സ് പി ടി എ | എസ് ആർ ജി | കുട്ടികളുടെ പഠന നിലവാരം രക്ഷിതാക്കളുമായി ചർച്ച | |
| ജൂൺ 19 | വായനാദിനം ലൈബ്രറി പ്രവർത്തന ഉദ്ഘാടനം, ക്ലബ്ബുകളുടെ ഉദ്ഘാടനം | ക്ലബ്ബ് കൺവീനർമാർ<br>പി ടി എ &<br>എസ് എം സി | വായനാശീലം വളർത്തൽ<br>പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | 1500 |
| ജൂൺ 21<br>(23) | യോഗാദിനം<br>യോഗാ പ്രദർശനം | എസ് പി സി<br>ടീൻസ് ക്ലബ്ബ് | കുട്ടികളുടെ ശാരീരികവും മാനസികവുമായ സുസ്ഥിതി വളർത്തുക. | |

| | | | | |
|---|---|---|---|---|
| ജൂൺ 24 | വിജയഭേരി ക്ലാസ്സുകൾ | ഹൈ സ്കൂൾ എസ് ആർ ജി | പത്താം ക്ലാസ്സിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുക | |
| ജൂൺ 26 | ലഹരി വിരുദ്ധ ദിനം ലഹരി വിരുദ്ധ ക്ലാസ്സ് | വിമുക്തി ക്ലബ്ബ് ടീൻസ് ക്ലബ്ബ് പി ടി എ & എസ് എം സി | ലഹരിക്കെതിരെയുള്ള ബോധവൽക്കരണം ലഹരി വിരുദ്ധ റാലി | |
| ജൂൺ 26-30 | യൂണിറ്റ് ടെസ്റ്റ് | എസ് ആർ ജി | കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിന് | |
| ജൂൺ 26 | എസ് ആർ ജി മീറ്റിംഗ് | എസ് ആർ ജി | അക്കാദമിക പ്രവർത്തനങ്ങളുടെ അവലോകനം | |
| | | | | |

## അക്കാദമിക പ്രവർത്തനങ്ങൾ – ജൂലൈ 2025

| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| ജൂലൈ (5) 4 | ബഷീർ ദിനം - ബഷീർ രചനകൾ പരിചയപ്പെടുത്തൽ<br>ബഷീർ കഥാപാത്രങ്ങളുടെ പുനരാവിഷ്കാരം ( LP ) | വിദ്യാരംഗം, മലയാളം അധ്യാപകർ | കുട്ടികളിൽ സാഹിത്യബോധം വളർത്തുവാൻ | 2000 |
| ജൂലൈ 11 | ജനസംഖ്യാദിനം<br>പോസ്റ്റർ നിർമ്മാണം<br>ജനസംഖ്യ വർദ്ധനവ് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ബോധ്യപ്പെടുത്തുന്നു<br>CPTA (1-10) 2pm | സാമൂഹ്യ ശാസ്ത്ര ക്ലബ്<br>എസ് ആർ ജി | ജൂൺ മാസത്തിലെ യൂണിറ്റ് ടെസ്റ്റ് അവലോകനം | |
| ജൂലൈ 14 | എസ് ആർ ജി യോഗം<br>(4pm-5pm)<br>1 മുതൽ 10 വരെ ക്ലാസുകൾക്ക് | എസ് ആർ ജി | സ്കൂൾ തല അധ്യാപക ശാക്തീകരണം | |
| ജൂലൈ 21 | ചാന്ദ്ര ദിനം - ക്വിസ് മത്സരം<br>പോസ്റ്റർ നിർമ്മാണം<br>ശാസ്ത്രജ്ഞരെ അറിയാൻ – വീഡിയോ പ്രദർശനം | സയൻസ് ക്ലബ് | ശാസ്ത്രബോധം വളർത്തുവാൻ | |
| ജൂലൈ 25 | സയൻസ്, WE തുടങ്ങി മേളകൾക്ക് കുട്ടികളുടെ മുന്നൊരുക്കം | ക്ലബ് തലം | പുറത്തു നിന്നും വിദഗ്ധരെ കൊണ്ട് വന്ന് ശില്പശാല സംഘടിപ്പിക്കൽ | 3000 |
| ജൂലൈ 28 | NMMS പരിശീലന ക്ലാസുകൾ ആരംഭിക്കുന്നു | കൺവീനർ | കുട്ടികളെ NMMS പരീക്ഷക്ക് സജ്ജരാക്കൽ | 500 |
| ജൂലൈ 31 | പ്രേംചന്ദ് ദിനം<br>പോസ്റ്റർ രചന<br>പ്രേംചന്ദ് കൃതികൾ പരിചയപ്പെടുത്തൽ | ഹിന്ദി ക്ലബ് | കുട്ടികളിൽ ഹിന്ദി സാഹിത്യബോധം വളർത്തുന്നതിന് | |
| ജൂലൈ 29,30 | യൂണിറ്റ് ടെസ്റ്റ് | എസ് ആർ ജി | കുട്ടികളുടെ പഠന പുരോഗതി മനസിലാക്കുന്നതിന് | |
| ജൂലൈ 30 | എസ് ആർ ജി യോഗം<br>(4pm-5pm)<br>1 മുതൽ 10 വരെ ക്ലാസുകൾക്ക് | എസ് ആർ ജി | ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ ആസൂത്രണം | |

## അക്കാദമിക പ്രവർത്തനങ്ങൾ – ആഗസ്റ്റ് 2025

| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| ആഗസ്റ്റ് 5 | CPTA | എസ് ആർ ജി | കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു | |
| ആഗസ്റ്റ് 6 & 9 | ഹിരോഷിമ - നാഗസാക്കി ദിനം<br>യുദ്ധവിരുദ്ധ റാലി<br>പോസ്റ്റർ നിർമ്മാണം<br>വീഡിയോ പ്രദർശനം | സാമൂഹ്യ ശാസ്ത്ര ക്ലബ് | യുദ്ധവിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തുന്നതിന് | |
| ആഗസ്റ്റ് 15 | സ്വാതന്ത്ര്യദിന ആഘോഷം<br>വിവിധ പരിപാടികൾ | എസ് ആർ ജി<br>പി ടി എ<br>&<br>എസ് എം സി | ദേശീയത വളർത്തുന്നതിന് | 2000 |
| ആഗസ്റ്റ് (17) 18<br>ചിങ്ങം 1<br>കർഷകദിനം | കർഷകദിനം<br>കൃഷിയിടം പരിചയപ്പെടൽ<br>മികച്ച കർഷകരുമായി സംവാദം | പരിസ്ഥിതി ക്ലബ്<br>ഹരിത ക്ലബ് | കാർഷികവൃത്തിയെക്കുറിച്ച് കുട്ടികളിൽ താല്പര്യം സൃഷ്ടിക്കൽ | 1000 |
| ആഗസ്റ്റ് 19 | എസ് ആർ ജി യോഗം | എസ് ആർ ജി | സ്കൂൾ തല അധ്യാപക ശാക്തീകരണം | |
| ആഗസ്റ്റ് 25 - 27 | സ്കൂൾ തല കായികമേള | Vipin Sir<br>എസ് ആർ ജി<br>പി ടി എ<br>&<br>എസ് എം സി | സ്കൂൾ തലത്തിൽ നിന്ന് മികച്ച കുട്ടികളെ കണ്ടെത്തുന്നതിന് | 3000 |
| ആഗസ്റ്റ് 29 | ദേശീയ കായിക ദിനം | എസ് ആർ ജി<br>Vipin Sir | ഫുട്ബോൾ ക്യാമ്പ് | |
| ആഗസ്റ്റ് 25-29 | പാദവാർഷിക പരീക്ഷ | | | |
| | ഓണാഘോഷം | എസ് ആർ ജി<br>പി ടി എ<br>&<br>എസ് എം സി | വിവിധ പരിപാടികൾ | 2000 |

# അക്കാദമിക പ്രവർത്തനങ്ങൾ - സെപ്റ്റംബർ

| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| സെപ്റ്റംബർ 5 | അധ്യാപക ദിനം | എസ് ആർ ജി<br>PTA & SMC | അധ്യാപകരെ ആദരിക്കൽ | 2000 |
| സെപ്റ്റംബർ ആദ്യ ആഴ്ച | ശാസ്ത്രമേള<br>കലാമേള | എസ് ആർ ജി<br>വിവിധ ക്ലബുകൾ | സ്കൂൾ തലത്തിൾ നിന്ന് മികച്ച കുട്ടികളെ കണ്ടെത്തുന്നതിന് | |
| സെപ്റ്റംബർ 12 | CPTA | എസ് ആർ ജി | പാദവാർഷിക പരീക്ഷയിൽ കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു. നിർദ്ദേശങ്ങൾ സ്വീകരിക്കുന്നു. | |
| സെപ്റ്റംബർ 15 | ദേശീയ ഹിന്ദി ദിനം<br>വിവിധ പരിപാടികൾ | ഹിന്ദി ക്ലബ്ബ് | കുട്ടികളിൽ ഹിന്ദി ഭാഷയോടും സാഹിത്യത്തോടും താല്പര്യം വളർത്തുക | |
| സെപ്റ്റംബർ 16 മുതൽ | LSS,USS<br>പരിശീലനം | | | |
| സെപ്റ്റംബർ 25 | എസ് ആർ ജി<br>( 1-10) | എസ് ആർ ജി | Second term<br>പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | |

## അക്കാദമിക പ്രവർത്തനങ്ങൾ - ഒക്ടോബർ

| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| ഒക്ടോബർ 1 (3) | വയോജന ദിനം | സാമൂഹ്യ ശാസ്ത്ര ക്ലബ് | മുതിന്നവരെ ആദരിക്കുക | 1000 |
| ഒക്ടോബർ 3-10 | ശുചീകരണ വാരം ഗാന്ധി ജയന്തി വിവിധ മത്സരങ്ങൾ | പരിസ്ഥിതി ക്ലബ് | പരിസ്ഥിതി വൃത്തിയായി സൂക്ഷിക്കുക എന്ന ബോധം സൃഷ്ടിക്കുക | |
| ഒക്ടോബർ 10 | എസ് ആർ ജി മീറ്റിംഗ് | എസ് ആർ ജി | സ്കൂൾ തല അധ്യാപക ശാക്തീകരണം | |
| ഒക്ടോബർ 13-17 | യൂണിറ്റ് ടെസ്റ്റ് | എസ് ആർ ജി | കുട്ടികളുടെ പഠനനിലവാരം മനസിലാക്കുന്നതിന് | |
| ഒക്ടോബർ 31 | CPTA | എസ് ആർ ജി PTA & SMC | യുണിറ്റ് ടെസ്റ്റിലെ കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നതിന് | |

## അക്കാദമിക പ്രവർത്തനങ്ങൾ - നവംബർ

| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| നവംബർ 1 (3) | കേരളപ്പിറവി വിവിധ കലാപരിപാടികൾ | എസ് ആർ ജി | ദേശസ്നേഹം വളർത്തുക | |
| നവംബർ 14 | ശിശു ദിനം LP, UP, HS കുട്ടികളുടെ വിവിധ കലാപരിപാടികൾ | എസ് ആർ ജി സാമൂഹ്യ ശാസ്ത്ര ക്ലബ് | രാജ്യസ്നേഹം വളർത്തുക | 500 |
| നവംബർ 20 | എസ് ആർ ജി മീറ്റിംഗ് | എസ് ആർ ജി | സ്കൂൾ തല അധ്യാപക ശാക്തീകരണം | |
| നവംബർ 26 | ഭരണഘടനാ ദിനാചരണം ഭരണഘടന ആമുഖം പ്രദർശനം കുട്ടികളെ പരിചയപ്പെടുത്തൽ | സാമൂഹ്യ ശാസ്ത്ര ക്ലബ് | ഇന്ത്യൻ ഭരണഘടന ആമുഖം, കൂടുതൽ വിവിരങ്ങൾ കുട്ടികളെ പരിചയപ്പെടുത്തൽ | |
| നവംബർ 29-30 | പഠനയാത്ര | Vipin Sir Vinod Sir | വിനോദവും പഠനവും | |

## അക്കാദമിക പ്രവർത്തനങ്ങൾ - ഡിസംബർ

| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| ഡിസംബർ 1<br>ഡിസംബർ 3 | ലോക എയ്ഡ്സ് ദിനം<br>ഭിന്നശേഷി ദിനം | സയൻസ് ക്ലബ്<br>ഹെൽത്ത് ക്ലബ് | എയ്ഡ്സിനെതിരെയുള്ള അവബോധം സൃഷ്ടിക്കുക<br>സഹജീവി സ്നേഹം വളർത്തുക | 500 |
| ഡിസംബർ 10 | മനുഷ്യാവകാശ ദിനം | സാമൂഹ്യ ശാസ്ത്ര ക്ലബ് | മനുഷ്യാവകാശങ്ങളെക്കുറിച്ച് അറിയുന്നതിന് | |
| ഡിസംബർ 10 | എസ് ആർ ജി മീറ്റിംഗ് | എസ് ആർ ജി | സ്കൂൾ തല അധ്യാപക ശാക്തീകരണം | |
| SECOND TERM EXAMINATION | | | | |
| ഡിസംബർ 18 | അറബിക് ഭാഷാദിനം കുട്ടികളുടെ വിവിധ മത്സരങ്ങൾ<br>ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ID കാർഡ് നിർമ്മാണം | അറബിക് ക്ലബ്<br>ലിറ്റിൽ കൈറ്റ്സ് ക്ലബ് | ഭാഷാ പഠനം | |
| ഡിസംബർ 19 | ക്രിസ്തുമസ് ആഘോഷം | എസ് ആർ ജി<br>PTA & SMC | മതസൗഹാർദ്ദം വളർത്തുക | 2000 |
| ഡിസംബർ 20 | LP കുട്ടികളുടെ ഏകദിന ക്യാമ്പ് | | | 500 |

## അക്കാദമിക പ്രവർത്തനങ്ങൾ - ജനുവരി

| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| ജനുവരി 1 | പുതുവത്സരാഘോഷം | എസ് ആർ ജി | കുട്ടികളിൽ മാനസിക ഉല്ലാസം വളർത്തുക | |
| ജനുവരി 6 | CPTA (1-10) | എസ് ആർ ജി PTA & SMC | കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു | |
| ജനുവരി 7 | ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് ഭാഷാ പ്രധാന്യം വളർത്തുക | 1000 |
| ജനുവരി 8 | SSLC മോട്ടിവേഷൻ ക്ലാസ് | എസ് ആർ ജി | SSLC പരീക്ഷക്ക് വേണ്ടി കുട്ടികളെ മാനസികമായി തയ്യാറാക്കുക | 2500 |
| ജനുവരി 26 | റിപ്പബ്ലിക്ക്ദിന ആഘോഷം | എസ് ആർ ജി PTA & SMC SS ക്ലബ് | രാജ്യസ്നേഹം വളർത്തുക | |

## അക്കാദമിക പ്രവർത്തനങ്ങൾ - ഫെബ്രുവരി

| തിയ്യതി | പ്രവർത്തനം | ചുമതല | ലക്ഷ്യം | സാമ്പത്തികം |
|---|---|---|---|---|
| ഫെബ്രുവരി 3 | എസ് ആർ ജി മീറ്റിംഗ് | എസ് ആർ ജി | സ്കൂൾ തല അധ്യാപക ശാക്തീകരണം | |
| ഫെബ്രുവരി 4 | SSLC കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള ക്ലാസ് | എസ് ആർ ജി PTA & SMC | കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം | 3000 |
| ഫെബ്രുവരി രണ്ടാം ആഴ്ച | സ്കൂൾ വാർഷികം | എസ് ആർ ജി (LP,UP,HS) PTA & SMC | കുട്ടികളുടെ വിവിധ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് | 60000 |
| ഫെബ്രുവരി 27 | ദേശിയ ശാസ്ത്രദിനം വീഡിയോ പ്രദർശനം വിവിധ മത്സരങ്ങൾ | സയൻസ് ക്ലബ് | ശാസ്ത്ര അവബോധം വളർത്തുന്നതിന് | |

## സൂക്ഷ്മ പരിശീലന മേഖലകൾ

മലയാളം

- സർഗ്ഗാലത്മക ഡയറി & സചിത്ര പുസ്തകം
- റീഡേഴ്സ് തിയേറ്റർ
- സാഹിത്യച്ചുമര്
- ഭാഷ കേളി & അഭിനയ കളരി
- കാവ്യോത്സവം
- രചനാ ശില്പ ശാലകൾ

അറബിക്

- വായനശേഷി വികസന പദ്ധതി
- ഭാഷാശേഷി വികസനം
- ഭാഷാ പരിപോഷണം
- ടാലെന്റ്റ് ടെസ്റ്റ്
- അടിസ്ഥാന ശേഷി വികസന പദ്ധതി

ഇംഗ്ലീഷ്

- Self introduction & conversation
- Role play
- Wall magazine
- Assembly
- Mind mapping
- Story telling and speech
- Panel discussion/Group discussion(JAM)

ഹിന്ദി

- അക്ഷര കളികളിലൂടെ അക്ഷരങ്ങളിലേക്ക്
- വായന കാർഡുകൾ
- സുരിലീ ഹിന്ദി പ്രവർത്തനങ്ങൾ
- സുരിലീ സഭ
- മാഗസിൻ നിർമ്മാണം

AHM GHSS KOKKUR

ഗണിതം

- ഗണിത ലാബ്
- മാത്സ് ക്ലിനിക്
- ഗണിത മാഗസിൻ
- ജിയോജിബ്ര
- ഗണിത മേള

സാമൂഹ്യ ശാസ്ത്രം

- ഭൂപട പഠനം
- പ്രാദേശിക ചരിത്ര രചന പരിശീലനം
- പൊതു വിജ്ഞാന ശേഷി വികാസം
- പ്രസംഗ പരിശീലനം
- സ്റ്റെപ്പ്സ് (STEPS),
- ചരിത്ര മാഗസിൻ നിർമ്മാണം

സയൻസ്

- ജൈവ വൈവിധ്യ പാർക്ക് & രജിസ്റ്റർ
- ശാസ്ത്ര പഠന യാത്രകൾ
- കുട്ടിക്കൊരു ശാസ്ത്രകിറ്റ്
- സയൻസ് ബോർഡ്
- ശാസ്ത്ര പരീക്ഷണ ശില്പശാല

ഐ ടി

- A I പരിശീലനം
- റോബോട്ടിക് പരിശീലനം
- മലയാളം ടൈപ്പിംഗ്
- സ്ക്രാച്ച് പരിശീലനം
- ഡിജിറ്റൽ പെയിന്റിംഗ്

കലാ കായികം

- ഫുട്ബാൾ ക്യാമ്പ്
- മാർഷൽ ആർട്സ് പരിശീലനം
- യോഗ പരിശീലനം

AHM GHSS KOKKUR

- കായിക ക്ഷമത പരിശീലനം
- ചെസ് പരിശീലനം

പ്രവൃത്തി പരിചയം

- കളിമൺ നിർമ്മിതി പരിശീലനം
- പ്രദർശന മേള
- പഠന സാമഗ്രികളുടെ നിർമ്മാണം
- കുട്ടിയുടുപ്പ് നിർമ്മാണം
- അച്ചുകൾ (മോൾഡുകൾ ) ഉപയോഗിച്ചുള്ള നിർമ്മാണം

## ഉപസംഹാരം

ചിട്ടയായ ആസൂത്രണം വഴി പഠന ലക്ഷ്യങ്ങളെ നേടിയെടുക്കാൻ കഴിയും എന്ന് ഉറപ്പുള്ള ഒരു മാസ്റ്റർ പ്ലാൻ ആണ് മുകളിൽ തയ്യാറാക്കിയിരിക്കുന്നത്."A well begun is half done" എന്ന കാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി അധ്യാപകരുടെയും പി ടി എ,എസ് എം സി,രക്ഷിതാക്കൾ ,വിദ്യാർത്ഥികൾ എന്നിവരുടെയും ശ്രമങ്ങളുടെ ഫലമായി ഈ വർഷവും നമ്മുടെ സ്കൂൾ മികവിന്റെ പൊതു വിദ്യാലയം ആകും എന്ന ശുഭാപ്തി വിശ്വാസം നമുക്ക് ഏവർക്കും ഉണ്ടാകട്ടെ,അതിനു വേണ്ടി ആത്മാർത്ഥമായി പരിശ്രമിക്കുവാൻ നാം ഓരോരുത്തർക്കും കഴിയേണ്ടതുണ്ട്

HM GHSS KOKKUR



